

'സൈക്ലിങ്ങ് വിത്ത് എ മിഷൻ' സൈക്കിൾ യാത്ര ഡിസംബർ 20ന് കാസർഗോഡിൽനിന്നും ആരംഭിച്ച് 28ന് തിരുവനന്തപുരത്ത് സമാപിക്കും. പരിസ്ഥിതി-സൗഹൃദ വാഹനം എന്ന നിലയിൽ സൈക്കിളിനെ പ്രചരിപ്പിക്കുകയും ജനിതക വിളകൾ നിരോധിക്കുക, ജൈവകൃഷി നയം നടപ്പിലാക്കുക, ലോകസമാധാന യാത്രക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുക തുടങ്ങിയ സാമൂഹിക പ്രാധാന്യമുള്ള സന്ദേശങ്ങളെ ജനമദ്ധ്യത്തിൽ എത്തിക്കുന്നതിനും യാത്ര ലക്ഷ്യമിടുന്നു. ഒപ്പം ലൈംഗികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾ താമസിച്ചു പഠിക്കുന്ന തിരുവനന്തപുരത്തെ 'ചില്ല'യ്ക്ക് ധനം സമാഹരിക്കാനും യാത്രയുടെ ഭാഗമായി ഉദ്ദേശിക്കുന്നു. യാത്രയെക്കുറിച്ചും സൈക്കിൾ ഹരത്തെക്കുറിച്ചും ടീം ക്യാപ്റ്റൻ **പ്രകാശ് പി. ഗോപിനാഥ്** സംസാരിക്കുന്നു.

# സാമൂഹികലക്ഷ്യങ്ങൾക്കായി ഒരു സവാരി

സി.എ. സീന

സൈക്കിളിനെപ്പറ്റിയുള്ള ഒരു ഓർമ്മയെങ്കിലും നമ്മുടെ മനസ്സിൽ മണിയടിക്കുന്നുണ്ടാവും. കാലത്തേ പാലെത്തിക്കുന്ന പാൽക്കാരന്റെ, വാർത്തകൾ ചൂടോടെ മുറ്റത്തേക്കെറിഞ്ഞു പോവുന്ന പത്രക്കാരന്റെ, ചൂടിൽ സുഖിച്ചിരിക്കുന്ന പൂച്ചകളെ നാട്ടുവഴികളിലെത്തിക്കുന്ന മീൻകാരന്റെ, അങ്ങനെ ഓർമ്മകളിൽ നിറയുന്ന നിരവധി സൈക്കിൾ ചിത്രങ്ങളുണ്ട്. പച്ചപ്പുള്ള നല്ല കാലത്തിന്റെ നന്മയുടെ പ്രതീകമാണ് സൈക്കിൾ.

കാലത്ത് വീട്ടിൽ വരുന്ന കറവക്കാരന്റെ സൈക്കിളെടുത്ത് കറങ്ങാൻ പോയിരുന്ന ഒരു കുട്ടിക്കാലം പ്രകാശേട്ടനും ഉണ്ടായിരുന്നു. കറങ്ങി നടക്കാൻ കൂട്ടിന് ചിന്തകളും സൈക്കിളും തന്ന അമ്മാവനെ ഓരോ സൈക്കിൾ യാത്രയിലും പ്രകാശേട്ടൻ ഓർക്കാറുണ്ട്. ഇന്ത്യൻ റയിൽവേയിലെ ജീവനക്കാരനായി തീവണ്ടിയുടെ ചൂളം വിളികൾക്കു മുൻപേ പായുമ്പോഴും മനസ്സിൽ പഴയ സൈക്കിൾ പ്രേമം ബാലൻസ് തെറ്റാതെ സൂക്ഷിച്ചു. യാത്രകളും ചിന്തകളും കയറിയും ഇറങ്ങിയും നടന്ന വർഷങ്ങളിലെന്നോ പ്രകൃതി സൗഹൃദ വാഹനം എന്ന ഒരു പുതിയ അർത്ഥതലം കൂടി സൈക്കിളിന് കൈവന്നു.

കുറച്ചു മാസങ്ങൾക്കു മുൻപ് 'ചില്ല'യിലെ കുട്ടികൾക്കുവേണ്ടി ധനസമാഹരണം നടത്തുന്നതിനുവേണ്ടി എന്തെങ്കിലും പരിപാടി ആസൂത്രണം ചെയ്യുന്നതിനെപ്പറ്റിയുള്ള ചർച്ചകൾ നടന്നപ്പോൾ ജീവിത സൈക്കിളിൽനിന്നും തെറിച്ചുവീഴപ്പെട്ട കുട്ടികളുടെ ജീവിതം കരുപിടിപ്പിക്കാൻ സൈക്കിളിനേക്കാളും നല്ല കൂട്ട് മറ്റൊന്നില്ല എന്ന ആശയത്തിലേയ്ക്കെത്താൻ അധികം ചിന്തിക്കേണ്ടി വന്നില്ല. അങ്ങനെയാണ് പ്രകാശേട്ടൻ 'ചില്ല'യിലെ കുട്ടികൾക്കായി ധനസമാഹരണം നടത്തുന്നതിന് വേണ്ടിയുള്ള സൈക്കിൾ യാത്രയുടെ അമരക്കാരനായത്.

Cycling with a Mission എന്ന് പേരിട്ടിരിക്കുന്ന ഈ പരിപാടിയിലൂടെ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ 8 ദിവസം കൊണ്ട് സൈക്കിളിൽ യാത്ര ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിനിടയിൽ ചില ഇടത്താവളങ്ങൾ. സംഘത്തിൽ 10 പേരാണുള്ളതെങ്കിലും ഓരോ ജില്ലയിൽ നിന്നും പരമാവധി സഹയാത്രികരെ കണ്ടെത്തി അവരെക്കൂടി കഴിയാവുന്നിടത്തോളം ദൂരം കൂടെ കൂട്ടാനും പദ്ധതിയിട്ടിട്ടുണ്ട്. 'ചില്ല'യിലെ കുട്ടികൾക്കുവേണ്ടിയുള്ള ധനസമാഹരണത്തോടൊപ്പം മറന്നുകൊണ്ടിരിക്കുന്ന സൈക്കിൾ സംസ്കാരത്തിന്റെ നന്മകളിലേക്ക് കൂട്ടിക്കൊണ്ടുപോകാനും ഈ യാത്രയിലൂടെ ലക്ഷ്യമിടുന്നു.

ആഗോളതാപനത്തെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുമുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒട്ടും മലിനീകരണം ഉണ്ടാക്കാത്ത വാഹനം എന്ന നിലയിൽ സൈക്കിളിന് വളരെയധികം പ്രസക്തിയുണ്ട്. ഇന്ത്യക്കു പുറത്തുള്ള നിരവധി പരിസ്ഥിതി പ്രവർത്തകർ തങ്ങളുടെ പ്രവർത്തനങ്ങൾക്കു യോജിച്ച വാഹനമായി തെരഞ്ഞെടുത്തിരിക്കുന്നത് സൈക്കിൾ തന്നെയാണ്. വർധിച്ചുവരുന്ന വാഹനങ്ങൾക്കുവേണ്ടി റോഡുകളുടെ വീതി കൂട്ടാൻ നെട്ടോട്ടമോടുന്ന അധി

കൃതർ സൈക്കിളിന്റെ സാധ്യതകളെ ക്കുറിച്ച് ചിന്തിക്കുന്നത് നന്നായിരിക്കും എന്നാണ് Cycling with a Mission ന് നേതൃത്വം നൽകുന്ന പ്രകാശേട്ടന് പറയാനുള്ളത്. നഗരത്തിലെ ഹ്രസ്വദൂരയാത്രകൾക്ക് സൈക്കിൾ ഉപയോഗപ്പെടുത്താൻ ശ്രമിച്ചാൽ ഇപ്പോഴുള്ള ട്രാഫിക് പ്രശ്നങ്ങൾക്കും റോഡപകടങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയും.

സൈക്കിളിനെ കൂടുതൽ ജനപ്രിയമാക്കാൻ ഓരോ ജില്ലയിലും സൈക്കിൾ ക്ലബ്ബുകൾ രൂപീകരിക്കാനും ഈ യാത്രയിലൂടെ ഉദ്ദേശിക്കുന്നുണ്ട്. പത്താം ക്ലാസ്സ് കഴിഞ്ഞാൽ ബൈക്ക് എന്ന സ്വപ്നവുമായി നടക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിളിന്റെ സാധ്യതകളെ പരിചയപ്പെടുത്താൻ ഈ യാത്ര കൊണ്ട് കഴിയും എന്ന് പ്രകാശേട്ടൻ പ്രതീക്ഷിക്കുന്നു. കാരണം യാത്രയുടെ മുന്നൊരുക്കത്തിന്റെ ഭാഗമായി നടത്തിയ പരിശീലന യാത്രയിൽ കൗതുകം തോന്നി അടുത്തുകൂടിയവരിൽ കൂടുതലും വിദ്യാർത്ഥികളായിരുന്നു.

ലോകത്താകമാനം സൈക്കിൾ റോഡുകളിലേക്ക് തിരിച്ചെത്തിക്കൊണ്ടിരിക്കുമ്പോൾ മലയാളികളിപ്പോഴും ഇത്തരം സംരംഭത്തോട് പുറംതിരിഞ്ഞുതന്നെയാണ് നിൽക്കുന്നത്. ആഗോളതാപനത്തിന്റെ ദുരന്തഫലങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് കാർബൺ എമിഷൻ കുറയ്ക്കാൻ വികസിതരാഷ്ട്രങ്ങൾ വ്യഗ്രതപ്പെടുമ്പോൾ വർദ്ധിച്ചുവരുന്ന വാഹനങ്ങളെ ഉൾക്കൊള്ളിക്കാൻ ഇപ്പോഴുള്ള മരങ്ങൾ പോലും വെട്ടിക്കളഞ്ഞ് റോഡുകളുടെ വീതി കൂട്ടാനും, മെട്രോ കൊണ്ടുവരാനുമുള്ള പദ്ധതികളുമായി നമ്മുടെ സർക്കാർ മുന്നോട്ടുപോവുന്നു. ആഗോളതാപനത്തെ ചെറുക്കുന്നതിനായി ഏറ്റവും ലളിതവും ഫലപ്രദവുമായ ഒരു മാർഗ്ഗം എന്ന നിലയിൽ വികസിത രാഷ്ട്രങ്ങൾ സൈക്കിൾ യാത്രകളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളുമായി ഇതിനോടകം മുന്നോട്ടുവന്നു കഴിഞ്ഞു. ഹ്രസ്വദൂരയാത്രകൾക്കായി മോട്ടോർ ബൈക്കും കാറും ഉപയോഗിക്കുന്ന മലയാളികൾ മറ്റൊരു ഉപാധി എന്ന നിലയിൽ സൈക്കിളിനെക്കുറിച്ച് ചിന്തിക്കുന്നത് നന്നായിരിക്കും. പ്രകൃതിയെ സംരക്ഷിക്കാനുള്ള 'നല്ല ബുദ്ധി' തോന്നിയില്ലെങ്കിലും ചെലവ് കുറഞ്ഞ യാത്രാമാർഗ്ഗം എന്ന രീതിയിൽ സൈക്കിളിനെ പരിഗണിക്കാവുന്നതാണ്.


ടീം ക്യാപ്റ്റൻ പ്രകാശ് പി. ഗോപിനാഥ്, ടീം മാനേജർ കെ.ജെ. പോൾ, യാത്രികൻ ഹരി പാമ്പൂർ

ഡിസംബർ 20-ാം തിയ്യതി കാസർഗോഡ് 'ഫ്ളാഗ് ഓഫ്' ചെയ്യപ്പെടുന്ന സൈക്കിൾ യാത്ര 8 ദിവസം കൊണ്ട് തിരുവനന്തപുരത്ത് അവസാനിക്കുന്നില്ല. മറിച്ച് സൈക്കിൾ സംസ്കാരത്തിന്റെ ബദൽമാതൃകയുമായി കേരളത്തിന്റെ നിരത്തിലേയ്ക്ക് ഇറങ്ങുകയാണ്.

*ഗസ്റ്റ് ലക്ചറർ,*
*ശ്രീകൃഷ്ണകോളേജ്, ഗുരുവായൂർ*

*യാത്രാബന്ധങ്ങൾക്ക് :*

*www.cyclingwithamission.org*
*Ph : 9387224468, 9895034455*

## പുതിയ ഡോക്യുമെന്ററി സിനിമകൾ

**പോയ്സൺ ഓൺ ദ പ്ലാറ്റർ**
(ജി.എം. പരീക്ഷണങ്ങൾക്കെതിരെ) 33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ. നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**
(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ. നിർമ്മാണം : തേഡ് ഐ

**ഡയസ്പോറ – ഗലേറിയ ഓഫ് വാണ്ടറേഴ്സ്**
(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

**വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്**

കേരളീയം

**കൊക്കാലെ, തൃശൂർ – 21.**
**ഫോൺ : 9446576943, 0487 – 2421385**

- books
- magazines
- periodicals

ByWORD
marva plaza, machingal lane
m.g. road, thrissur
Tel. : 0487 3256689,
Mob : 9847764577

for rare and new books